കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പൂരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

## കേരള സംസ്ഥാന ഓഡിറ്റ്
## തിരുവനന്തപുരം ജില്ലാ
## ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം ജില്ലാ കാര്യാലയം,

തീയതി 16.10.2019
ഫോൺ-0471-2331231
ഇ-മെയിൽ:lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പൂരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അംമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ അമ്പൂരി ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19 തീയതി 16.10.2019

## തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.08.2018 മുതൽ 20.08.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷാജഹാൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.08.19 മുതൽ 30.8.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. സിന്ധുലാബീവി.എം. ഓഡിറ്റ് ഓഫീസർ<br>ശ്രീ. അനിൽകുമാർ. ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ജയശങ്കർ. ആർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ജയലക്ഷ്മി.ബി.കെ, സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ഷിംജി. ജി, ഓഡിറ്റർ<br>ശ്രീ. വിനോദ്. ആർ, ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ബി.ഷാജി | 1/4/2018 മുതൽ 31/3/2019വരെ |
| സെക്രട്ടറി | ശ്രീ. പെരുമാൾപിള്ള | 1/4/2018 മുതൽ 20/6/18 വരെ |

| | | |
|---|---|---|
| | ശ്രീ.അനിൽകുമാർ.ആർ.എസ്. | 21/6/2018 മുതൽ 8/10/18 വരെ |
| | ശ്രീ. കൃഷ്ണകുമാർ. ബി. | 9/10/2018 മുതൽ 31/03/19 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. സുനിൽ. കെ. | 1/4/2018മുതൽ 5/7/2018 വരെ |
| | ശ്രീ. രാജേഷ് | 6/7/2018മുതൽ 31/3/2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. പുഷ്പകുമാരി | 1/4/2018മുതൽ 31/3/2019 വരെ |
| വി.ഇ.ഒ. | ശ്രീ.സമ്പത്ത് മോഹൻ. | 1/4/2018മുതൽ 31/3/2019 വരെ |
| ഐ.സി.ഡി.എസ്. | ശ്രീമതി. സന്ധ്യ.എൻ.എസ്. | 1/4/2018മുതൽ 30/10/18 വരെ |
| | ശ്രീമതി. വിജയശ്രീ | 31/10/2018മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. നവജീവൻ | 1/4/2018 മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അജിത്ത് | 1/4/2018മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷീനാപീറ്റർ | 1/4/2018മുതൽ 31/3/2019 വരെ |
| വെറ്റിനറി സർജൻ | ഡോ. എൻ. അയ്യങ്കാർ | 1/4/2018 മുതൽ 10/2/2019 വരെ |
| | ഡോ. രഞ്ജിത്ത് | 11/2/2019 മുതൽ 31/3/2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഷീല. ഐ. ജി. | 1/4/2018മുതൽ 31/3/2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. പ്രവീൺകുമാർ | 1/4/2018മുതൽ 31/3/2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുസ്മിത | 1/4/2018മുതൽ 31/3/2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| 12 | സ്ഥാപന നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-12 |
| 13 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-13 |
| 14 | രസീത് പരിശോധനയിലെ അപാകതകൾ | 1-14 |
| 15 | വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം- ലേലം കൈക്കൊണ്ടയാൾ മുഴുവൻ ലേലതുക യഥാസമയം ഒടുക്കുവരുത്തിയില്ല | 1-15 |
| 16 | യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 1-16 |
| 17 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-17 |
| 18 | മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം-പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ-നഷ്ടം 2,956/-രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-18 |
| 19 | വർക്ക് ബില്ലുകളിൽ നിന്നും ജി.എസ്.ടി. ഈടാക്കിയിട്ടില്ല | 1-19 |
| 20 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-20 |
| 21 | സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല | 1-21 |
| 22 | ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു | 1-22 |
| 23 | ഹോമിയോ ആശുപത്രിക്ക് വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | എ.ബി.സി. പ്രോഗ്രാം -ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 23,35,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുകയായ 10,45,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | സുരക്ഷാ മുൻകരുതൽ വസ്തുക്കൾ ഇല്ലാതെ കടത്തു വള്ളങ്ങൾ സർവ്വീസ് നടത്തുന്നു | 1-28 |
| 29 | ഭവനനിർമ്മാണപദ്ധതി (ലൈഫ്)-രേഖകൾ സൂക്ഷിക്കുന്നില്ല. | 1-29 |
| 30 | അവസ്ഥാരേഖ (Status Report) തയ്യാറാക്കിയതിൽ പാളിച്ച | 1-30 |
| 31 | ക്യാൻസൽ ചെയ്ത രസീതുകൾ 'സഞ്ചയ' സോഫ്റ്റ്വെയറിൽ കളക്ഷൻ തുകയായി വരുന്നതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു. | 1-31 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 32 | യഥാസമയം പണി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം-റിവൈസ്ഡ് എസ്റ്റിമേറ്റിലുള്ളതിനേക്കാൾ അധികനിരക്ക് നല്കി-നഷ്ടം 2,956/-രൂപ | 3-1 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 45 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22.03.2018 തീയതിയിലെ I- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21.02.2019 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 23.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 39,15,132/- |
| വരവ് | 9,68,24,129/- |
| ആകെ | 10,07,39,261/- |
| ചെലവ് | 8,96,82,359/- |
| നീക്കിയിരിപ്പ് | 1,10,56,902/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15783740 | 15783740 | 15783740 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2179356 | 2179356 | 2179356 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2186350 | 2186350 | 2186350 | 0 |
| CFC-ഗ്രാന്റ് | 0 | 7948599 | 7948599 | 7948599 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3414636 | 3414636 | 3414636 | 0 |
| മെയിന്റനൻസ്-റോഡ് (ACR ...) | 0 | 12505641 | 12505641 | 12505641 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 81846499 | 81846499 | 81846499 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1729 | 1099881 | 1101610 | 1088605 | 13005 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി.ഡി.എസ് | 476315 | 492900 | 969215 | 0 | 969215 |
| | ടി.എസ്.സി- സെൻട്രൽ | 0 | 850000 | 850000 | 0 | 850000 |
| | എം.പി.ഫണ്ട് | 0 | 399957 | 399957 | 399957 | 0 |
| | SAGY | 0 | 50000 | 50000 | 0 | 50000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോത്സവം | 0 | 20000 | 20000 | 0 | 20000 (*) |
| | ടി.എസ്.സി സ്റ്റേറ്റ് | 28170 | 130000 | 158170 | 139350 | 18820 |
| | വിമുക്തി | 0 | 25000 | 25000 | 0 | 25000 |
| ബ്ലോക്ക് പഞ്ചായത്ത് | | 0 | 3302676 | 3302676 | 2794234 (i) | 508442 |
| ജില്ലാ പഞ്ചായത്ത് | | 0 | 3403041 | 3403041 | 2109674 (ii) | 1293367 |
| ബി ഫണ്ട് | | 0 | 573360 | 573360 | 573360 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (SCB-തനതു ഫണ്ട് + Current account+ Federal bank own fund 1378 | 2911943 (iii) | 3564506 | 6476449 | 4239294 | 2307255 |
| | Treasury TSB + Treasury Joint Venture | 374625 | 15069796 | 15444421 | 10428498 | 5015923 |
| SBI life housing loan | | 0 | 23768804 | 23768804 | 23768715 | 89 |
| ക്യാഷ് | | 122350 | 55886 | 178236 | 122350 | 55886 |

(i) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് – 27,33,041/-

(ii) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് – 21,55,060/-

(iii) Unidentified grant ഇനത്തിൽ 4,09,038/- രൂപ വരവും നീക്കിയിരിപ്പുമുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 144021498 | 160 | 73519892 | - | 67 | 70 |

# 1- 6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1729 | 1099881 | 1101610 | 1088605 | 13005 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 81846499 | 81846499 | 81846499 | |
| ആകെ | 1729 | 82946380 | 82948109 | 82935104 | 13005 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,63,360/- | 176 |
| കർഷകതൊഴിലാളി പെൻഷൻ | 25,56,400/- | 622 |
| വിധവാപെൻഷൻ | 1,12,67,400/- | 2686 |
| വാർദ്ധക്യകാലപെൻഷൻ | 2,09,25,200/- | 4790 |
| വികലാംഗപെൻഷൻ | 40,74,000/- | 946 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,10,000/- | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1,58,800/- | 39 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,948/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന എല്ലാ തപാലുകളും ഫ്രണ്ട് ഓഫീസ് വിതരണ രജിസ്റ്ററിലുൾപ്പെടുത്തി യഥാക്രമം നമ്പർ നല്കി വിതരണ രജിസ്റ്ററിലും പൊതു തൻപതിവേടിലും കൈപ്പറ്റ് രസീത് നല്കി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമായ ബോണ്ടുകൾ, വിലപിടിപ്പുള്ളവ, ആധാരങ്ങൾ, ഇവ യഥാവിധി ഫ്രണ്ട് ഓഫീസിലെ സെക്യൂരിറ്റി രജിസ്റ്ററിലൂടെയല്ല നിർവഹണ ഉദ്യോഗസ്ഥരുടെ പക്കലെത്തുന്നത്. പഞ്ചായത്തിന്റെ സേവനം സ്വീകരിക്കുമ്പോൾ ഒപ്പ് വാങ്ങുകയോ കൈപ്പറ്റ് രസീത് റദ്ദുചെയ്യുകയോ ചെയ്യുന്നില്ല. വിവരങ്ങൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനുമായിട്ടുള്ള മെസേജ് ബുക്ക് പരിപാലിക്കുന്നില്ല. സൗജന്യമായും വിലയീടാക്കിയും നല്കുന്ന ഫോറങ്ങളുടെ വിവരങ്ങൾ ഫ്രണ്ട് ഓഫീസിലെഴുതി പ്രദർശിപ്പിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായ മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. പൗരാവകാശരേഖ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനാവശ്യമായ ശിപാർശകൾ മോണിട്ടറിംഗ് സമിതി നല്കുന്നില്ല. പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടാറുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം തൃപ്തികരമല്ല. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് കുറെ കൂടി ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗ്രാമത്തിന്റെ പുരോഗതിക്കും ആവശ്യമായ നിർദ്ദേശങ്ങളും മോണിട്ടറിംഗും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടാവേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതി രൂപീകരണത്തിലും പാലിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. മൂന്നുവർഷത്തേയ്ക്ക് നല്കിയ ലേലത്തിന്റെ ഗഡുക്കൾ അടയ്ക്കാത്തത് മോണിട്ടർ ചെയ്യ്തിട്ടില്ല. 10,000/ രൂപയുടെ സാംഖ്യാ രസീത് റദ്ദാക്കിയെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമമിറ്റി രസീത് റദ്ദാക്കിയതിന്റെ കാരണം മോണിറ്റർ ചെയ്യ്തിട്ടില്ല. കെട്ടിട നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥരും ഭരണസമിതിയും സംയുക്തമായി പ്രാവർത്തികമാക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. പ്രോജക്കുകളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനം ഉണ്ടായിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.06.2019 | 01.05.2019 മുതൽ 31.05.2019 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | 2008-2009 മുതൽ 2012-2013വരെ | -- |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. നബാർഡിൽ നിന്നും ലഭിച്ച 32,15,000/- രൂപയുടെ വരവ്-ചെലവ് വിവരങ്ങൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. കേരളോത്സവം ഇനത്തിൽ നീക്കിയിരിപ്പുള്ള 20,000/- രൂപയുടെ വിശദാംശം ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 സ്ഥാപന നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കിയിട്ടില്ല.

1. അമ്പൂരി വനിതാ സഹകരണ സംഘം

2. പോപ്പുലർ ഫിനാൻസ്

3.കെ.എസ്.എഫ്.ഇ. അമ്പൂരി

4. കെ.എസ്.ഇ.ബി, അമ്പൂരി

5.എസ്.ബി.ഐ, കുടപ്പനമൂട്

6. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, അമ്പൂരി

7. റബ്ബർ ബോർഡ്, അമ്പൂരി

8.ഫെഡറൽ ബാങ്ക്, അമ്പൂരി

9. മാവേലി സ്റ്റോർ, അമ്പൂരി

10. ക്ഷീരോല്പാദക സഹകരണ സംഘം, കുട്ടമല

11. മിൽക്ക് സൊസൈറ്റി, ശൂരവകാണി

12. ട്രാവൻകൂർ ഗ്രാനൈറ്റ്സ്, കണ്ടംതിട്ട

13. എം.പി.സി.എസ്, അമ്പൂരി

14.എം.പി.സി.എസ്, തേക്കുപാറ, മരപ്പാലം

15.എം.പി.സി.എസ്, തട്ടാംമുക്ക്,മായം

താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് 2018-19 സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1. ജില്ലാ ടെലികോം ഓഫീസർ, മായം ( കെട്ടിട നം.1/44)

2. മാനേജർ,റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് (കെട്ടിട നം.1/57)

3.ടെലികോം ഡിപ്പാർട്ട്മെന്റ്, അമ്പൂരി (കെട്ടിട നം.4/32)

4. മൊബൈൽ ടവർ, അമ്പൂരി (കെട്ടിട നം.4/263)

5. പി.എ.അലക്സാണ്ടർ,പാവത്തിൽ ഹൗസ് (കെട്ടിട നം.4/336)

6. ഹച്ചിസൺ എസെർ സെല്ലുലാർ ലിമിറ്റഡ് (കെട്ടിട നം.4/337)

7.മാനേജർ, എയർടെൽ ടെലഫോൺ ടവർ (കെട്ടിട നം.5/260)

8. മാനേജർ,ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (കെട്ടിട നം.8/358)

9. എയർടെൽ മൊബൈൽ ടവർ, കുട്ടമല (കെട്ടിട നം.11/317)

10. ബി.എസ്.എൻ.എൽ. മൊബൈൽ ടവർ (കെട്ടിട നം.11/318)

മേൽ സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.27) മറുപടി നല്കിയിട്ടില്ല.

# 1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

1. 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1. അമ്പൂരി ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ്. സെക്ഷൻ

2.ട്രാവൻകൂർ ഗ്രാനൈറ്റ്സ്, കണ്ടംതിട്ട

3.മാർ ബസേലിയസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, അമ്പൂരി

4.എം.പി.സി.എസ്, അമ്പൂരി

5.എം.പി.സി.എസ്, തേക്കുപാറ, മരപ്പാലം

6.എം.പി.സി.എസ്, തട്ടാംമുക്ക്, മായം

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.23) മറുപടി നല്കിയിട്ടില്ല.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 -ാം വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ 2018-19 ൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.23) മറുപടി ലഭ്യമാക്കിയില്ല.

3. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഇതിനുപകരം ഡിമാന്റ് രജിസ്റ്റർ മാത്രമാണ് സ്ഥാപനം പരിപാലിക്കുന്നത്.

# 1-14 രസീത് പരിശോധനയിലെ അപാകതകൾ

1. 07.02.2019-ൽ ക്യാൻസൽ ചെയ്ത രസീത് നം. 11801010231 (തുക = 10,375/-) പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ രസീതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ രസീത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. ക്യാൻസൽ ചെയ്ത രസീതുകൾ പലതിലും വ്യക്തമായ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. 10958/58 മുതൽ 10958/66 വരെയുള്ള രസീതുകൾ ഉപയോഗിച്ച് സ്വീകരിച്ച തുക ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4. ശ്രീമതി. ഗീത. സി.പി.-യ്ക്കു നല്കിയ 10953-ാം നമ്പർ രസീത് ബുക്കിലെ ഒരു രസീത് പോലും ഉപയോഗിച്ചിട്ടില്ല. ഈ രസീത് ബുക്ക് മറ്റൊരു ക്ലാർക്കിന് ഔട്ട്ഡോർ കളക്ഷനായി നല്കുകയോ സാമ്പത്തിക വർഷത്തിന്റെ അവസാനം രസീതുകൾ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 5, 15) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-15 വൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം- ലേലം കൈക്കൊണ്ടയാൾ ലേലതുക യഥാസമയം ഒടുക്കുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ കുരിശുമല കോളനിയിൽ നിൽക്കുന്ന തെങ്ങ്, പുളി എന്നിവയിലെ മേലാദായം (01-04-2018 മുതൽ 31-03-2021 വരെ) എടുക്കുന്നതിന് ശ്രീ.അനിൽകുമാർ, കലാസദനം, കുട്ടമല എന്ന കക്ഷിക്ക് 16,500/- രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയുണ്ടായി. ഇതിന് 28-03-2018 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകാരവും നൽകി. എന്നാൽ ടിയാൻ ലേലസമയത്ത് കെട്ടിവച്ച നിരതദ്രവ്യമായ 2,500/- രൂപ അല്ലാതെ യാതൊരു വിധ തുകയും 2018-19 സാമ്പത്തികവർഷം ഒടുക്കു വരുത്തി കാണുന്നില്ല. 17-02-2018 ലെ A2-791/2018 നമ്പർ ലേല പരസ്യത്തിലെ വ്യവസ്ഥ പ്രകാരം, ലേലം കൈക്കൊള്ളുന്നവർ ലേലം ഉറപ്പിച്ചുള്ള അറിയിപ്പ് കിട്ടി മൂന്ന് ദിവസത്തിനകം നേർപകുതി തുകയും അവശേഷിക്കുന്ന തുക 2018 മെയ് 31 ന് മുൻപും പഞ്ചായത്ത് ഓഫീസിൽ ഒടുക്കു വരുത്തേണ്ടതാണെന്നും

പറയുന്നുണ്ട്. ഇവയൊന്നും ഇക്കാര്യത്തിൽ പാലിച്ചു കാണുന്നില്ല. കൂടാതെ ലേല വ്യവസ്ഥകൾ ലംഘിച്ചാൽ മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്ത് ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തുന്നതിനും നിരതദ്രവ്യമായി പഞ്ചായത്തിൽ ഒടുക്കുയിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതാണെന്നും ലേല പരസ്യത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളെക്കുറിച്ച് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/30-08-19) മറുപടിയായി 27.08.2019 ന് ടിയാൻ 7,000/- രൂപ ഒടുക്കിയിട്ടുണ്ടെന്നും ബാക്കിലഭിക്കാനുള്ള തുക 02.09.2019 ന് ഒടുക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത ലേല തുക പിഴപ്പലിശ സഹിതം ഒടുക്കുവരുത്തിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതും, തുടർവർഷങ്ങളിൽ ലേലവ്യവസ്ഥകൾ ശരിയായ വിധം പാലിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുമാണ്.

# 1-16 യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ഭാഗം-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-17 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

വാർഷിക ധനകാര്യപത്രിക B4-Schedule പരിശോധിച്ചത് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ/ ഏജൻസികളിൽ നിന്നും ലഭിച്ചതിൽ 84,23,700/- രൂപ ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ എന്താവശ്യത്തിലേക്കാണോ ലഭിച്ചത് ആയതിലേക്ക് ചെലവഴിക്കേണ്ടതും അല്ലാത്തപക്ഷം അതാത് ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

10.12.18, 01.02.2019 തീയതികളിൽ ലഭിച്ച 4,09,038/-(14373/- + 394655/-) രൂപ (ഹെഡ് നം. 320300199 ) ഏത് സ്ഥാപനം/ഏജൻസിയിൽ നിന്ന് എന്താവശ്യത്തിലേക്കാണ് ലഭിച്ചതെന്ന കാര്യത്തിൽ പഞ്ചായത്തിന് വ്യക്തതയില്ല. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം -പ്രവൃത്തിനടത്തിപ്പിലെ അപാകതകൾ- നഷ്ടം 2,956/- തിരികെ ഈടാക്കേണ്ടതാണ്.

നിർവഹണം -അസി. എഞ്ചിനീയർ

പ്രോജക്ട് നം /പേര്-എസ്.ഒ.118/18-19/മായം പി.എച്ച്.സി.കെട്ടിടനിർമ്മാണം.

എം.ബുക്ക് നം./പേജ് നം. -581/18-19

ഗ്രാമപഞ്ചായത്തിലെ മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം എന്ന പ്രോജക്ട് 2016-17 ലേതാണ്. 2017-18 ൽ നിർമ്മാണം തുടങ്ങിയ ഈ പ്രവൃത്തി 2018-2019 ലാണ് പൂർത്തിയായത്. 85% നബാർഡ് വിഹിതവും 15% എം.എൽ.എ. വിഹിതവും ചേർന്ന് ആകെ 50 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. 16-02-2017 ലെ 12 )-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം പ്രോജക്ട് നിർവഹണം എൽ.എസ്.ജി.ഡി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇ-ടെണ്ടർ ക്ഷണിച്ചതിൽ 22.5% കുറഞ്ഞ നിരക്കിലുള്ള ശ്രീ. സുനിൽകുമാറിന്റെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

a) <u>റിവൈസ്ഡ് എസ്റ്റിമേറ്റിലുള്ളതിനെക്കാൾ അധികനിരക്ക് നല്കി-നഷ്ടം 2,956/- രൂപ</u>

മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റിലുള്ളതിനേക്കാൾ അധികനിരക്ക് നൽകിയതുവഴി 2,956/ രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>b) പ്രവൃത്തിനിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു</u>

1. നിലവിലുണ്ടായിരുന്ന പഴയ ഷെഡ് പൊളിച്ചുമാറ്റുമ്പോൾ ലഭിക്കുന്ന re-usable materialsന്റെ വിലയായി 35,800/- രൂപ എ.ഇ. എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ലേല നടപടികളിലൂടെ മുതൽ കൂട്ടുന്നതിനോ, പ്രസ്തുത സാധനങ്ങൾ പുനരുപയോഗപ്പെടുത്തുന്നതിനോ യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല.
2. പണിപൂർത്തിയായി ഒരുവർഷം കഴിയാത്ത ഈ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും വിള്ളലും ചോർച്ചയും ഉള്ളതായും, പെയിന്റ് ചെയ്ത പല ഭാഗങ്ങളും പെയിന്റ് അടർന്ന നിലയിലുമാണെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.
3. മരുന്നുകൾ സൂക്ഷിക്കുന്ന സ്റ്റോർ റൂമിലെ വിള്ളലും ചോർച്ചയും കാരണം ഈ പ്രോജക്ടിന്റെ ഭാഗമായി ഇൻസ്റ്റാൾ ചെയ്ത എയർകണ്ടീഷനർ പല പ്രാവശ്യം പ്രവർത്തിക്കാതിരുന്നതായും ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതായും ആശുപത്രി ജീവനക്കാർ അഭിപ്രായപ്പെട്ടു. സ്ഥലപരിശോധനയിൽ പ്രസ്തുത എയർകണ്ടീഷനർ സൺഷേഡിൽ തട്ടി വെള്ളം നേരിട്ട് പതിക്കുന്ന എയർഹോളിലാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് കണ്ടു.
4. ഇപ്പോഴുള്ള കെട്ടിടത്തിന്റെ ഓപ്പൺടെറസ് പ്ലാസ്റ്റർ ചെയ്യാത്തതിനാൽ മഴവെള്ളം കെട്ടിനിന്ന് വെള്ളം ഊർന്നിറങ്ങി കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഈ പ്രവൃത്തി നിർവ്വഹണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ കൃത്യമായ മോണിട്ടറിംഗ് നടത്തിയിട്ടില്ലായെന്ന് വിലയിരുത്തുന്നു. കരാർ പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരന് കൈമാറിയ ഈ പ്രോജക്ടിന്റെ നിർവഹണം ഒട്ടും തൃപ്തികരമല്ല. പെർഫോമൻസ് തുകയും സെക്യൂരിറ്റി തുകയും തിരികെ നല്കുന്നതിനു മുൻപ് കെട്ടിടത്തിന്റെ അപാകതകൾ പരിഹരിക്കേണ്ടതാണ്. അടിസ്ഥാനസൗകര്യങ്ങൾ പരിമിതമായ പി.എച്ച്.സി.യുടെ സൗകര്യങ്ങൾ (ഐ.പി. സൗകര്യം മാത്രമുള്ള പി.എച്ച്.സി.യുടെ സംരക്ഷണത്തിനായി ഗേറ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള) വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ വരും വർഷങ്ങളിലുൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 വർക്ക് ബില്ലുകളിൽ നിന്നും ജി.എസ്.ടി.ഈടാക്കിയിട്ടില്ല

2018-19 ൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വർക്ക് ബില്ലുകളിൽ നിന്നും നിയമാനുസൃതമായ GST തുകകൾ കുറവുചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/നം. | പി.എ.സി.തുക | എം. ബുക്ക് നം. | ആകെ വേലമൂല്യം | ജി.എസ്.ടി.തുക |
|---|---|---|---|---|
| 1)ചിറയ്ക്കോട് മണ്ണാംകോണം കളിവിളാകം ഫുട്പാത്ത് നിർമ്മാണം- 184/18-19 | 4,46,680/ | 383/17-18 | 436381/26.11.18 | 8,727/- |
| കണ്ടംതിട്ട അംഗൻവാടി മെയിന്റനൻസ്- 205/18-19 | 2,99,997/- | 708/17-18 | 299997/28.12.18 | 5,998/- |
| കഴുകവൽവട്ടം കരിംപുമന്നാടി പാർശ്വഭിത്തി നിർമ്മാണം 186/18-19 | 3,10,000/- | 701/17-18 | 309233/22.02.19 | 3,194/- |

സർക്കാർ നിർദ്ദേശമനുസരിച്ചുള്ള നികുതികൾ കുറവു ചെയ്തതിനുശേഷം മാത്രം ബില്ലുകൾ മാറുന്നതിന് തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

# 1-20 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം. - 75/19 (കുട്ടമലസ്കൂൾനട- പുറുത്തിപ്പാറ റോഡ് മെയിന്റനൻസ്)

അടങ്കൽ - 9,86,600/- (Areed PAC- 9,65,262/- )

ബിൽ നം. - 80/AE/18-19 തീയതി. 26.3.19

കരാറുകാരന്റെ പേര് - ശ്രീ.ക്രിസ്തുദാസ്, കള്ളിക്കാട്
ചെലവ് – 9,85,690/-

എം.ബുക്ക് നം. - 473/17-18

17.11.15 ലെ ജി.ഒ(പി) നം.524/15 ധന നമ്പർ സർക്കാർ ഉത്തരവിൽ 5 ലക്ഷവും അതിനുമുകളിലുമുള്ള എല്ലാപ്രവൃത്തികളും ഇലക്ട്രോണിക്ക് ടെണ്ടർമുഖേനയാവണം നടപ്പാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ കുട്ടമല സ്കൂൾ- പുറുത്തിപ്പാറ റോഡ് മെയിന്റനൻസ് എന്ന 9,86,600/- രൂപ അടങ്കൽ നിശ്ചയിച്ച പ്രവൃത്തി ക്വട്ടേഷൻ പ്രകാരമാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13), പ്രവൃത്തിക്ക് രണ്ട് തവണ ഇ-ടെണ്ടർ നൽകിയിട്ടും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തി നിർവ്വഹിച്ചുവെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. രണ്ട് തവണ പ്രവൃത്തിക്ക് ഇ-ടെണ്ടർ ക്ഷണിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയെങ്കിലും ഇത് സംബന്ധിച്ച് യാതൊരുരേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ആദ്യടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നൽകിയപ്പോഴും, റീടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻമുഖേന നടപ്പാക്കാൻ തീരുമാനിച്ചപ്പോഴും പ്രസ്തുതവിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.
2. പ്രവൃത്തിക്ക് ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ (ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷൻ തീയതി, ക്വട്ടേഷനിൽ പങ്കെടുത്തവരുടെ വിവരം മുതലായവ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. പ്രവൃത്തി ഏറ്റെടുക്കാൻ ആരും താൽപ്പര്യം കാണിക്കാത്തതിനാൽ സമയബന്ധിതമായി പ്രവൃത്തിപൂർത്തീകരിക്കാൻ ക്വട്ടേഷൻ ക്ഷണിക്കുകയും അത് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുണ്ടെന്നും (3.12.18 ലെ 7(9) നമ്പർ കമ്മിറ്റിതീരുമാനം) നിർവ്വഹണോദ്യോഗസ്ഥൻ മറുപടിനൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത കമ്മിറ്റിതീരുമാനത്തിൽ (സകർമ്മയിൽ 27.02.2019 ലെ 5/20 നമ്പർ തീരുമനമെന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു) പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയതായി അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ക്രിസ്തുദാസ് എന്ന കരാറുകാരന് ടെണ്ടർ ഉറപ്പിച്ച് നൽകുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. രണ്ട് തവണ ടെണ്ടർ ക്ഷണിച്ചതിന്റേയോ, ക്വട്ടേഷൻ ക്ഷണിച്ചതിന്റേയോ വിവരം ഉൾപ്പെടുന്നില്ല.

റീ ടെണ്ടർ ചെയ്യുന്നതിനും, ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പാക്കിയതിനും കമ്മിറ്റി തീരുമാനം ലഭ്യമാക്കാത്തതിന് വിശദീകരണം നൽകേണ്ടതും, ഇ-ടെണ്ടർ നൽകിയതിന്റേയും, ക്വട്ടേഷൻ ക്ഷണിച്ചതിന്റേയും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

# 1-21 സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും നടപ്പാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം

തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 ൽ അംഗീകാരം ലഭിച്ച 44 സ്പിൽ ഓവർ പ്രോജക്ടുകളിൽ 14 എണ്ണം തൻവർഷവും നടപ്പാക്കിയിട്ടില്ല. ഇതിൽ 10 എണ്ണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, മൂന്നെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലായെന്നും, ഒരെണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കി സർക്കാർ നിർദ്ദേശം പാലിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ടെണ്ടർ വിളിച്ച് കരാറുറപ്പിച്ച പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചു

തൻവർഷം കരാറുപ്പിച്ചതിൽ രണ്ട് പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

1. പ്രോജക്ട് നം. 197/19 (160/18)- ടോയലെറ്റ് നിർമ്മാണം-പി.എച്ച്.സി സബ്സെന്റർ കട്ടമല

അടങ്കൽ - 1,33,000/- (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വകയിരുത്തിയ തുക- 1,75,000/-)

കരാറുകാരൻ - ശ്രീ.വി.ശ്രീകുമാർ

രണ്ട് ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. വി. ശ്രീകുമാർ (0.17% കുറവ്) ന് ടെണ്ടർ അംഗീകരിച്ച് നൽകുകയും കരാറുറപ്പിക്കുകയും (10.01.2018 66/AE/AG/17-18 നം. കരാർ) 19.01.2018-ൽ വർക്ക് ഓഡർ നൽകുകയുമുണ്ടായി. തുടർന്ന് പ്രവൃത്തി തുടങ്ങാത്തത് സംബന്ധിച്ച വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിലവിലുള്ള കിണറും, സെപ്റ്റിക്ക് ടാങ്കം തമ്മിലുള്ള ദൂരം 7 മീറ്ററുണ്ടായിട്ടും, ഇത് പോരായെന്ന കാരണത്താൽ ഹെൽത്ത് ഇൻസ്പെക്ടർ എതിർപ്പ് പറഞ്ഞതിനാൽ ഉപേക്ഷിച്ചുവെന്നാണ് നിർവ്വഹണദ്യോഗസ്ഥൻ മറുപടി നൽകിയിരിക്കുന്നത്.

2. പ്രോജക്ട് നം. 113/19- കുന്നത്തുമല അംഗൻവാടിക്ക് കിണർനിർമ്മാണം

അടങ്കൽ - 50,000/-

കരാറുകാരൻ - ശ്രീ. സജു. എം.

രണ്ട് ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ. സജു. എം. (എസ്റ്റിമേറ്റ് റേറ്റ് )ന് ടെണ്ടർ അംഗീകരിച്ച് നൽകി കരാർ ചമച്ചിട്ടുണ്ട് (01.09.2018 57/AE/AG/18-19). പ്രവൃത്തി തുടങ്ങാത്തത് സംബന്ധിച്ച വിശദാംശം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12 ന് അവിടെ ജലം ലഭ്യമാക്കുന്നതിനും ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനും ബുദ്ധിമുട്ടുള്ളതിനാലാണ് പദ്ധതി ഉപേക്ഷിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രോജക്ടിനെക്കുറിച്ച് വ്യക്തമായ അവബോധമുണ്ടാകുകയോ, മതിയായ ആസൂത്രണം നടത്തുകയോ ചെയ്യാതിരുന്നതിനാലാണ് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടിവന്നത്. ഇക്കാര്യം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും, സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-23 ഹോമിയോ ആശുപത്രിക്ക് വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ

പ്രോജക്ട് നം- 141/19

അടങ്കൽ തുക - 50,000/-

നിർവ്വഹണം – മെഡിക്കൽ ഓഫീസർ. പി.എച്ച്.സി.

ചെലവ് തുക - 49,863/-

ബിൽനം/ തീ. - 3/18-19, 13.12.18

ഹോമിയോ ആശുപത്രിക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാഡ്കോ-യിൽ നിന്നും (ഇൻവോയിസ് നം.KADCO/HO/sales /2018-19/92 തീ.28.11.2018) steel cabinet 78''x36''x19''-1, step ladder Rack-2 എന്നീ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/19 തീ.26.08.19-ന് ലഭ്യമാക്കിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 49,863/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-24 എ.ബി.സി പ്രോഗ്രാം -ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം- 126/19

അടങ്കൽ തുക - 1,05,000/-

ചെലവ് തുക - 1,05,000/-

ബിൽനം/ തീ. - 1/18-19,31.08.18

2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തെരുവ് നായ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 50 നായകളെ വന്ധ്യംകരിക്കുന്നതിന് 2,100/- രൂപ വീതം 1,05,000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ നിന്നും 50 നായകളെ പിടിച്ച് പെരുങ്കടവിള കേന്ദ്രമായി പ്രവർത്തിക്കുന്ന വന്ധ്യംകരണ യൂണിറ്റിൽ വന്ധ്യംകരണത്തിന് വിധേയമാക്കി പരിപാലിച്ച് തിരികെ വിട്ടിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.16/19, തീ.29.08.19-ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ നായ പിടിത്തം, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ എന്നിവ സംബന്ധിച്ച ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 1,05,000/- രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-25 ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല- തുക തടസ്സപ്പെടുത്തുന്നു

(a) മെഡിക്കൽ ഓഫീസർ (അലോപ്പതി)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

(1) പ്രോജക്ട് - പാലിയേറ്റീവ് കെയർ

പ്രോജക്ട് നം. 133/19

അടങ്കൽ തുക - 8,00,000/-

ചെലവ് - 8,00,000/-

ബിൽ നം/തിയതി – 13/18-19/20.01.2019-2,00,000/-

18/18-19/12.03.19 – 1,75,000/-

പദ്ധതി നടത്തിപ്പിലേക്കായി 2018-19 വർഷം മരുന്നു വാങ്ങുന്നതിനായി 3,75,000/- രൂപ കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തീയതി | തുക |
|---|---|
| 15905/18.04.19 | 1,00,000/- |
| 15904/18.04.19 | 15,000/- |
| 871/24.04.19 | 29,277/- |
| ആകെ | 1,44,277/- |

2,30,723/- രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിന് അവശേഷിക്കുന്നു.

(2) പ്രോജക്ട് - പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 134/19

അടങ്കൽ തുക - 7,00,000/-

ചെലവ് തുക - 7,00,000/-

ബിൽ നം./തിയതി 12/18-19/18.01.19

പ്രസ്തുത പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 7ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം./തിയതി | തുക |
|---|---|
| 40189/08.03.19 | 65,105/- |
| 40709/22.03.19 | 6,919/- |
| 301/09.04.19 | 42,837/- |
| 4417/22.07.19 | 65,083/- |
| ആകെ | 1,79,944/- |

5,20,056/- രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്നതിന് അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/19 തീ.26.08.19-ന് ലഭ്യമാക്കിയ മറുപടിയിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന് (നം.133/19) 1,10,214/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയിസുകൾ/രസീത് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ 7,50,779/- രൂപയുടെ (2,30,723+5,20,056)ചെലവ് തടസ്സപ്പെടുത്തുന്നു.

(b) മെഡിക്കൽ ഓഫീസർ (ഹോമിയോ)നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിനുള്ള മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. 140/19

അടങ്കൽ തുക – 2,00,000/-

ചെലവ് - 2,00,000/-

ബിൽ നം/തിയതി 02/18-19/11.10.18

പ്രസ്തുത പ്രോജക്ട് നടത്തിപ്പിലേക്കായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് 2,00,000/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവഴിച്ച മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/19 തീ.26.08.19-ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ട് മേൽ സൂചിപ്പിച്ച അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- 23,35,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ വിവരിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്ക് 2018-19 ൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| പി.ഡബ്യൂ.ഡി | (7/19)പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | A3-19/18 dtd.10.08.2018 | 1,13,000/- |
| കെ.ഡബ്യൂ.എ | 11/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-21/18 dtd.31.08.2018 | 2,00,000/- |
| | 13/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-22/18 dtd.31.08.2018 | 1,50,000/- |
| | 22/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-23/18 dtd.31.08.2018 | 1,38,000/- |
| | 23/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-24/18 dtd.31.08.2018 | 4,00,000/- |
| | 25/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-25/18 dtd.31.08.2018 | 3,36,000/- |
| | 26/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-26/18 dtd.31.08.2018 | 2,00,000/- |
| | 27/9 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-27/18 dtd.31.08.2018 | 1,50,000/- |
| | 30/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-28/18 dtd.31.08.2018 | 1,99,000/- |
| | 39/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-39/18 dtd.27.03.2019 | 1,81,000/- |
| | 146/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-1/18 dtd.18.09.2018 | 1,00,000/- |
| | 147/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-1/18 dtd.18.09.2018 | 1,37,000/- |
| | 44/19 (പൂച്ചമുക്ക് അംഗൻവാടിക്ക് കുടിവെള്ളം) | A3-1/18 dtd.18.09.2018 | 14,000/- |
| | 41/19 (പാമ്പരംകാവ് അംഗൻവാടിക്ക് കുടിവെള്ളം) | A1-29/18 dtd.31.08.2018 | 17,000/- |
| ആകെ | | | 23,35,000/- |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-27 ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുകയായ 10,45,000/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ വിവരിക്കുന്ന പ്രോജക്ടുകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | 09/2019 | പി.എം.എ.വൈ ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) | 7,00,000/- |
| 2 | 08/2019 | പി.എം.എ.വൈ ഭവന നിർമ്മാണം (പട്ടിക ജാതി) | 2,25,000/- |
| 3 | 03/2019 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ) | 1,20,000/- |
| ആകെ | | | 10,45,000/- |

തടസ്സം ഒഴിവാക്കാനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 1-28 സുരക്ഷാ മുൻകരുതൽ വസ്തുക്കൾ ഇല്ലാതെ കടത്തു വള്ളങ്ങൾ സർവ്വീസ് നടത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കുമ്പിച്ചൽ, പുരവിമല, കരുമംകുളം, കൊമ്പൈ എന്നീ 4 കടവുകളിൽ യാത്രാവള്ളങ്ങൾ സർവ്വീസ് നടത്തുന്നുണ്ട്. 2018-19 വർഷം യാത്ര നടത്താനായി കനാൽ ഓഫീസർ നൽകിയ ലൈസൻസിൽ, എല്ലാ വള്ളങ്ങളിലും കുറഞ്ഞത് 10 ലൈഫ് ജാക്കറ്റും, 4 ലൈഫ് ബോയിയും നിർബന്ധമായും നൽകിയിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നുമില്ലാതെയാണ് നിലവിൽ വള്ളങ്ങൾ യാത്രക്കാരെ കൊണ്ടുപോകുന്നത്. കൈക്കുഞ്ഞുങ്ങൾ മുതൽ വൃദ്ധരായവർ വരെ നിരവധി പേരാണ് പ്രതിദിനം ഈ വള്ളങ്ങളിൽ യാത്ര ചെയ്യുന്നത്. 2018-19 ൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി "വള്ളം മെയിന്റനൻസും ലൈഫ് ജാക്കറ്റും" എന്ന പ്രോജക്ടിന് അംഗീകാരം നേടിയിരുന്നുവെങ്കിലും ആയത് നടപ്പാക്കുകയുണ്ടായില്ല. മതിയായ സുരക്ഷാ മുൻകരുതലുകളുടെ അഭാവത്തിൽ കേരളത്തിൽ നിരവധി പേരുടെ ജീവൻ ബോട്ടപകടങ്ങളിലും വള്ളം മറിഞ്ഞും നഷ്ടപ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് യാത്രാ യാനങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ അടിയന്തിരമായി ഏർപ്പെടുത്താൻ ഭരണസമതിയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-29 ഭവന നിർമ്മാണപദ്ധതി (ലൈഫ്)-രേഖകൾ സൂക്ഷിക്കുന്നില്ല.

പ്രോജക്ട് നമ്പർ :20/2019

പ്രോജക്ടിന്റെ പേര് :സമ്പൂർണ്ണ ഭവനനിർമ്മാണം (ലൈഫ് )ജനറൽ

അടങ്കൽതുക :4,84,00,000/- (വികസന ഫണ്ട് - 33,10,600/-, തനത് ഫണ്ട്-2,89,400/-, ബ്ലോക്ക് വിഹിതം -1,45,574/-, ജില്ലാ പഞ്ചായത്ത് വിഹിതം - 8,24,364/-, ഗുണഭോക്തൃ വിഹിതം - 4,32,30,062/-)

ചെലവുതുക :2,54,79,849/-

ടി പദ്ധതിയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1.ലൈഫ് ഭവനപദ്ധതിയിൽ വീടു ലഭിക്കുന്നതിന് കുടുംബവാർഷിക വരുമാനം മൂന്നുലക്ഷം രൂപയിൽ കൂടാൻ പാടില്ല. എന്നാൽ അപേക്ഷകളോടൊപ്പം വരുമാന സർട്ടിഫിക്കറ്റില്ല.

ഉദാ:1. റീന.ബി., അബിൻഭവൻ, തേക്കുപാറ

2.സാവിത്രി. റ്റി, സരസ്വതിവിലാസം, കളത്തിപ്പാറ.

2.ലഭ്യമാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ ആരുടെയും പേര് ഉൾപ്പെട്ടുകാണുന്നില്ല.

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24ന് മറുപടി ലഭിച്ചില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 അവസ്ഥാരേഖ (Status Report)തയ്യാറാക്കിയതിൽ പാളിച്ച

വാർഷിക പദ്ധതി രൂപീകരണത്തിനു മുന്നോടിയായി തദ്ദേശ ഭരണസ്ഥാപനം ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചുകഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാവിശകലനം നടത്തണം. അവസ്ഥാവിശകലനത്തിൽ നിന്നും ബന്ധപ്പെട്ട വികസനമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടതാണ്. (ഫോറം3)

തുടർന്ന് അവസ്ഥാവിശകലനത്തെ അവലംബമാക്കി ഓരോ വികസനമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. അവസ്ഥാരേഖയിൽ ലക്ഷ്യങ്ങൾ രണ്ടു രീതിയിൽ നിർവ്വചിക്കണം.ഒന്നാമതു വേണ്ടത് വികസനമേഖലയിലെ ദീർഘകാല ലക്ഷ്യങ്ങൾ അഥവാ കാഴ്ചപ്പാട് വ്യക്തമാക്കുക എന്നതാണ്. 2030-ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രമിക്കണം എന്നാണ് വ്യക്തമാക്കേണ്ടത്. രണ്ടാമത് 13-ാം പദ്ധതിയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങളും അവശേഷിക്കുന്ന വർഷങ്ങളിൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൂടുതൽ കൃത്യതയോടെ നിർവ്വചിക്കുകയാണ് വേണ്ടത്.

മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം4ലും തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഫോറം5ലും തയ്യാറാക്കി അവസ്ഥാരേഖയുടെ ഭാഗമാക്കേണ്ടതാണ്. എന്നാൽ അവസ്ഥാ രേഖ തയ്യാറാക്കിയതിൽ നിരവധി പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ടി വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ രൂപീകരിക്കേണ്ടത്.

ഉദാ: 'ദാരിദ്ര്യ ലഘൂകരണം' എന്ന വികസനമേഖലയിൽ തയ്യാറാക്കിയ (ഫോറം1) അടിസ്ഥാന വിവരത്തിൽ 1-1-1, 1-1-2, 1-1-3, 1-1-4 എന്നീ പട്ടികകൾ ഭൂരിഭാഗവും ഒഴിഞ്ഞു കിടക്കുന്നു. ഫാറം 1ൽ വിവരം ശേഖരിച്ചിട്ടുള്ളത് മറ്റു

ചില സ്രോതസുകളിൽ നിന്നാണ് (സ്വന്തമായി സർവ്വേ നടത്തി ശേഖരിച്ചിട്ടില്ല).

2.ഫോറം3ൽ പ്രശ്നപരിഹാരനിർദ്ദേശങ്ങൾ രൂപീകരിച്ചതിന് കൃത്യതയുണ്ടായിട്ടില്ല.

ഉദാ:ദാരിദ്ര്യ ലഘൂകരണം എന്ന വികസനമേഖലയിൽ തയ്യാറാക്കിയ ഭാഗം3ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരിപ്രേക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ലക്ഷ്യമിടുന്നത് | | |
|---|---|---|---|---|---|---|
| | | | | 2017-18 | 2017-22 | 2030 |
| 1. | ഭവനനിർമ്മാണം | | അമ്പൂരി ഗ്രാമ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ഭവനനിർമ്മാണം പലപ്പോഴും അപൂർണ്ണമായി അവശേഷിക്കുന്നു. ഗതാഗതയോഗ്യമായ റോഡുകളുടെ അഭാവവും വലിയവാഹനങ്ങൾ കടന്നെത്തുന്നതിനുള്ള വീതിയില്ലായ്മയും സാധനങ്ങളുടെ നീക്കത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ് | പൂർത്തിയാവാനുള്ള വീടുകളുടെ പണികളും പൂർത്തീകരണവും പുതിയ ഭവനങ്ങളുടെ നിർമ്മാണവും | വാസയോഗ്യമായ ഭവനം | സമ്പൂർണ്ണഭവനം |

ഇവിടെ എത്ര പേർക്കാണ് ഭവനം നിർമ്മിച്ച് നൽകാനുള്ളതെന്നും2017-18ൽ അതിൽ എത്ര പൂർത്തിയാക്കിയെന്നും 2017-22 പഞ്ചവൽസരപദ്ധതിക്കാലഘട്ടത്തിൽ എത്ര പൂർത്തിയാക്കുമെന്നും തുടങ്ങി പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിച്ചതരത്തിലുള്ള കൃത്യത പ്രശ്നപരിഹാര നിർദ്ദേശം തയ്യാറാക്കിയതിൽ ഉണ്ടായിട്ടില്ല.

3.അവസ്ഥാരേഖയിൽ ഫോറം5 ഉൾപ്പെട്ടുകാണുന്നില്ല.

അവസ്ഥാരേഖ തയ്യാറാക്കിയതിൽ സംഭവിച്ചിട്ടുള്ള പാളിച്ച, പദ്ധതിയുടെ ഓരോഘട്ടത്തേയും ബാധിക്കുന്നതാണ്. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-31 ക്യാൻസൽ ചെയ്ത രസീതുകൾ 'സഞ്ചയ' സോഫ്റ്റ്‌വെയറിൽ കളക്ഷൻ തുകയായി വരുന്നതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.

ക്യാൻസൽ ചെയ്ത രസീതുകൾ 'സഞ്ചയ' സോഫ്റ്റ്‌വെയറിൽ ബന്ധപ്പെട്ട കെട്ടിട നമ്പരിൽ കളക്ഷൻ തുകയായി വരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരവിൽ നഷ്ടമുണ്ടാകുന്നു.

| ക്രമ നം. | രസീത് നം. | തീയതി | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 118010101788 | 21.09.2019 | 4/348 | 294/- |
| 2 | 118010101828 | 21.09.2019 | 11/67 | 1,294/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക (നം.5) മറുപടിയായി ഈ രസീതുകൾ ഡിലീറ്റ് ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുകയുണ്ടായി.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്കെല്ലാം പൂർത്തീകരണ കാലാവധി 5 മാസമായാണ് നിജപ്പെടുത്തിയിരിക്കുന്നത് (TS പ്രകാരം). ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ നിശ്ചിതസമയപരിധിക്കുള്ളിൽ പണിപൂർത്തീകരിക്കാത്ത കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷ നൽകുകയോ, പ്രസ്തുത കരാറുകാരനിൽ നിന്ന് പിഴപ്പലിശ ഈടാക്കുകയോ ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യുഡി/01.02.2012) പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന്, ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കകം അപേക്ഷിക്കാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകേണ്ടതില്ല. കരാർ വച്ചശേഷം സ്ഥലം ഏറ്റെടുത്ത് പണി തുടങ്ങാതിരുന്നാൽ കരാർ റദ്ദാക്കാവുന്നതാണ്. എന്നാൽ യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരനിൽനിന്നും നിയമാനുസൃതമായി പിഴ ഈടാക്കുകയോ, കരാർ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

| പ്രോ. നം. കരാറുകാരന്റെ പേര് | PAC | കരാറിൽ ഏർപ്പെട്ട് സ്ഥലം കൈമാറിയ തീയതി | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | പണി പൂർത്തിയാക്കാൻ താമസം വന്ന ദിവസങ്ങൾ | ഈടാക്കേണ്ടിയിരുന്ന പിഴ (പൂർത്തീകരണ കാലാവധിയുടെ 25% വരെയുള്ള കാലതാമസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലതാമസത്തിന് 2% നിരക്കിലും) |
|---|---|---|---|---|---|---|
| 72/18-19 ശ്രീ. പ്രവീൺകുമാർ M-Book no.253/18-19 | 4,89,093/- | 4/7/18 പൂർത്തീകരണ കാലാവധി 5 മാസം | 4/12/18 | 19/3/19 | 105 ദിവസം | 14,673/- |
| 81/18-19 ശ്രീ.ജി.ബിജു M-Book no.613/18-19 | 4,81,712/- | 6.7.18 പൂർത്തീ കരണ കാലാവധി 5മാസം | 6.12.18 | 8.3.19 | 92 ദിവസം | 14,451/- |
| 186/19 ശ്രീ.ചന്ദ്രകുമാർ M-Book | 3,50,406/- | 27.09.17 പൂർത്തീ കരണ | 27.2.18 | 07.04.18 | 39 ദിവസം | 10,512/- |

| | | | | | | |
|---|---|---|---|---|---|---|
| M-Book no. 70/17-18 | | കാലാവധി 5മാസം | | | | |
| ആകെ | | | | | | 39,636/- |

അപാകത സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയല്ലാത്തതിനാൽ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പിഴ ഈടാക്കാതെയാണ് ബിൽ തുക നൽകിയതെന്ന മറുപടിയാണ് നൽകിയത്. എന്നാൽ പ്രസ്തുത ഫയലുകളിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചതിന്റെ വിശദാംശം സൂക്ഷിക്കുകയോ, കരാർകാലാവധി നീട്ടിക്കൊടുക്കാൻ ഭരണസമിതി തീരുമാനവുമെടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ പ്രോജക്റ്റ് നം.81/18-19 ഫയലിൽ ഡിസംബർ 30-ാം തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലായെങ്കിൽ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും, പ്രവൃത്തിസമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകാനും, ഫൈനോടുകൂടി ദീർഘിപ്പിക്കാനുള്ള കരാർ ഒപ്പിടാനും 26.11.2018-ൽ നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരന് കത്ത് നൽകിയിട്ടുമുണ്ട്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ തുകയായ 39,636/- രൂപ ഈടാക്കി വിവരം ലഭ്യമാക്കാത്തപക്ഷം ആയത് അസിസ്റ്റന്റ് എൻജിനീയറുടെ ബാധ്യതയാകുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം- റിവൈസ്ഡ് എസ്റ്റിമേറ്റിലുള്ളതിനെക്കാൾ അധികനിരക്ക് നല്കി-നഷ്ടം 2,956/- രൂപ

പ്രോജക്റ്റ് നം. 118/18-19(മായം പി.എച്ച്.സി. കെട്ടിടനിർമ്മാണം)

നിർവ്വഹണം – അസിസ്റ്റന്റ് എൻജിനീയർ

എം.ബുക്ക് നം. – 581/18-19

മായം പി.എച്ച്.സി. കെട്ടിട നിർമ്മാണം പ്രോജക്റ്റിന്റെ എം-ബുക്ക് പരിശോധിച്ചതിൽ എക്സ്ട്രാ ഐറ്റമായി ചെയ്ത 'E6 filling with contractors own earth' എന്ന ഇനത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അംഗീകാരം ലഭിച്ചതിലും അധികനിരക്കാണ് നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഐറ്റം നം./പേര് - E6 /filling with contractors own earth with lead and lift(labour)

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നല്കേണ്ടിയിരുന്ന തുക - 96$m^3$@105.88=10,164.48/-രൂപ

എം-ബുക്ക് പ്രകാരം(പേജ്നം :29) നൽകിയ തുക - 96 $m^3$ @136.67 = 13120.32

**വ്യത്യാസം = 2,956/-രൂപ**

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.9) ന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2,956/ രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.08.2019 മുതൽ 20.08.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി.2-1635/19 തീയതി 24.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 155/ജൈവസമൃദ്ധി 2017-18 | 7,500/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 20/സമ്പൂർണ്ണ ഭവന നിർമ്മാണം | 7,45,574/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 49/സ്നേഹസ്പർശം | 2,85,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 219/അംഗൻവാടികൾക്ക് ചിൽഡ്രൻസ് പാർക്ക് | 93,750/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 220/അനപൂരക പോഷകാഹാരം (എസ്.സി) | 1,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 33,02,676/- | 221/അനപൂരക പോഷകാഹാരം (എസ്.റ്റി) | 1,09,877/- | 5,08,442/- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 39/പൈപ്പ് ലൈൻ നീട്ടൽ | 1,81,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 116/ലൈഫ് -പട്ടികവർഗ്ഗം | 3,70,340/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 157/ലൈഫ് | 2,40,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 120/ക്ഷീരസമൃദ്ധി (വനിത) | 2,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 121/ക്ഷീരസമൃദ്ധി | 4,00,000/- | |
| ആകെ | | | | 27,33,041/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 34,03,041/- | 59/ഹരിതഭവനം | 42,000/- | 12,93,367/- |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 155/ജൈവസമൃദ്ധി 2017-18 | 7,500/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 20/സമ്പൂർണ്ണഭവന നിർമ്മാണം | 8,24,364/- | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | | 49/സ്നേഹസ്പർശം | 2,85,000/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 116/ലൈഫ് -പട്ടികവർഗ്ഗം | 3,81,196/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 157/ലൈഫ് | 3,25,000/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 120/ക്ഷീരസമൃദ്ധി (വനിത) | 1,70,000/- | |
| ജില്ലാ പഞ്ചായത്ത് | 2018-19 | | 121/ക്ഷീരസമൃദ്ധി | 1,20,000/- | |
| ആകെ | | | | 21,55,060/- | |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ചെലവുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. AFS പ്രകാരം ബ്ലോക്ക് വിഹിതം ചെലവ് – 27,94,234/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് – 21,09,674/-രൂപയുമാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്യൂ.ഡി | (7/19)പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | A3-19/18 dtd.10.08.2018 | 1,13,000/- | 0 | 1,13,000/- |
| കെ.ഡബ്യൂ.എ | 11/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-21/18 dtd.31.08.2018 | 2,00,000/- | 0 | 2,00,000/- |
| | 13/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-22/18 dtd.31.08.2018 | 1,50,000/- | 0 | 1,50,000/- |
| | 22/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-23/18 dtd.31.08.2018 | 1,38,000/- | 0 | 1,38,000/- |
| | 23/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | A1-24/18 dtd.31.08.2018 | 4,00,000/- | 0 | 4,00,000/- |
| | 25/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-25/18 dtd.31.08.2018 | 3,36,000/- | 0 | 3,36,000/- |
| | 26/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | A1-26/18 dtd.31.08.2018 | 2,00,000/- | 0 | 2,00,000/- |
| | 27/9 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-27/18 dtd.31.08.2018 | 1,50,000/- | 0 | 1,50,000/- |
| | 30/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A1-28/18 dtd.31.08.2018 | 1,99,000/- | 0 | 1,99,000/- |
| | 39/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-39/18 dtd.27.03.2019 | 1,81,000/- | 0 | 1,81,000/- |
| | 146/19(പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-1/18 dtd.18.09.2018 | 1,00,000/- | 0 | 1,00,000/- |
| | 147/19 (പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | A3-1/18 dtd.18.09.2018 | 1,37,000/- | 0 | 1,37,000/- |
| | 44/19 (പൂച്ചമുക്ക് | A3-1/18 | 14,000/- | 0 | 14,000/- |

| | | | | | |
|---|---|---|---|---|---|
| | അംഗൻവാടിക്ക് കുടിവെള്ളം) | dtd.18.09.2018 | | | |
| | 41/19 (പാമ്പരംകാവ് അംഗൻവാടിക്ക് കുടിവെള്ളം) | A1-29/18 dtd.31.08.2018 | 17,000/- | 0 | 17,000/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 2,37,68,804/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) നം. 275/ 10/ ത.സ്വ.ഭ.വ 27.01.2010 | | 28,68,148/- | 10,33,670/- | | 18,34,478/- |
| ലൈഫ് പദ്ധതി | | 2,37,68,804/- | -- | -- | | 2,37,68,804/- |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2016-17 | 3-11 | 846/- | വി. ഹരികുമാർ, സെക്രട്ടറി | 118010100981/20.10.18 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 35-1 | 2003-04 | 1 | ചീനിക്കാല അംഗൻവാടി നിർമ്മാണം അഡ്വാൻസും പാർട്ട്ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ച | പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട് |
| 2000-01 | 46 | 2003-04 | 2 | തേക്കുപാറ കൊണ്ടകെട്ടി റോഡ് ടാറിംഗ് | തുക കരാറുകാരനിൽ |

| | | | | | |
|---|---|---|---|---|---|
| | | | | ടെണ്ടർകിഴിച്ച് അവസാനബില്ലിൽ നിന്നും കുറക്കാത്തതു കൊണ്ടുള്ള നഷ്ടം. | നിന്നും ഈടാക്കിയിട്ടുണ്ട് |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,07,39,261/-<br>(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,96,82,359/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 39,636/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,956/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44,85,642/- |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 39,636/- | - | ശ്രീ. പ്രവീൺകുമാർ,<br>അസി. എഞ്ചിനീയർ |
| 3-1 | | 2,956/- | ശ്രീ. പ്രവീൺകുമാർ,<br>അസി. എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 49,863/- | ഡോ. അജിത്ത്,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-24 | 1,05,000/- | ഡോ. എൻ. അയ്യങ്കാർ<br>വെറ്റിനറി സർജൻ |
| 1-25 (a) | 7,50,779/- | ഡോ. നവജീവൻ<br>മെഡിക്കൽ ഓഫീസർ (PHC) |
| 1-25 (b) | 2,00,000/- | ഡോ. അജിത്ത്<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-26 | 23,35,000/- | ശ്രീ.അനിൽകുമാർ.ആർ.എസ്,<br>സെക്രട്ടറി (21,54,000/-) |

| | | |
|---|---|---|
| | | ശ്രീ.ബി.കൃഷ്ണകുമാർ, സെക്രട്ടറി (1,81,000/-) |
| 1-27 | 10,45,000/- | ശ്രീ.പെരുമാൾപിള്ള, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ. പെരുമാൾപിള്ള. ആർ.ജി. സെക്രട്ടറി (വിരമിച്ചു) | | കോവിൽവിളാകത്ത് വീട്, കടവക്കാരം, നെയ്യാറ്റിൻകര പി.ഒ. 695121 |
| 2.ശ്രീ. ബി.കെ. കൃഷ്ണകുമാർ (അമ്പൂരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി) | | സാന്ത്വനം, ആദർശം റോഡ്, ഇഞ്ചിവിള, പാറശ്ശാല |
| 3.ശ്രീ. അനിൽകുമാർ. ആർ.എസ്. (വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി) | | സ്വാതിലയം, റ്റി.സി.55/1309/13, SGRA-44, മരുതൂർക്കടവ്, കരമന |
| 4.ഡോ. നവജീവൻ, ആലപ്പുഴ, ഗവ. താലൂക്ക് ഹോസ്പിറ്റൽ | | നവാലയം, ആറാലുംമൂട്. പി.ഒ. നെയ്യാറ്റിൻകര |
| 5.ഡോ. എൽ. അയ്യങ്കാർ, വെറ്റിനറി സർജൻ | | ആനന്ദ ഭവൻ, പാരൂർക്കുഴി, വെടിവച്ചാൻകോവിൽ |
| 6.ശ്രീ. പ്രവീൺകുമാർ, അസി. എൻജിനീയർ | | പ്രവീൺ വിഹാർ, ഊരൂട്ടമ്പലം, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 3 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1051/2009 | 16 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2413/2012 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2640/2012 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2568/2013 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1863/14 | 22 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/881/2015 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1383/16 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2063/2016 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി 14.01.2019 | 16 | |

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **അമ്പൂരി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ **അമ്പൂരി** ഗ്രാമപഞ്ചായത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**